**പതിനാലാം കേരളനിയമസഭ**
**പതിനൊന്നാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 154 | | 04.06.2018-ൽ മറുപടിക്ക് | |
|---|---|---|---|
| **പീഡനം സംബന്ധിച്ച വ്യാജപരാതികൾ** | | | |
| ചോദ്യം<br>ശ്രീ. റോജി എം. ജോൺ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | സംസ്ഥാനത്ത് സ്ത്രീകൾക്കെതിരായുള്ള പീഡനാരോപണം സമൂഹത്തിനെതിരായ കുറ്റകൃത്യമായി കോടതികൾ പരിഗണിക്കുകയും ഇരയുടെ മൊഴി മാത്രം കണക്കിലെടുത്ത് ശിക്ഷിക്കുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളെ ബഹു. കോടതികൾ ഗൗരവമായി കാണുകയും സമൂഹത്തിന് എതിരായ കുറ്റകൃത്യമായി പരിഗണിക്കുകയും ചെയ്യുന്നു. ഇരയുടെ മൊഴിമാത്രം കണക്കിലെടുത്ത് ശിക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | പീഡനം സംബന്ധിച്ച വ്യാജപരാതി നൽകുന്നത് ഗൗരവത്തിലെടുത്ത് കർശനമായി നേരിടണമെന്ന കേരള ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | പീഡനം സംബന്ധിച്ച പരാതി ലഭ്യമായാൽ അതിന്റെ നിജസ്ഥിതി അന്വേഷിച്ച് ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്ന സമീപനമാണ് സർക്കാർ അനുവർത്തിക്കുന്നത്. വ്യാജപരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് ഗൗരവമായി എടുത്തുകൊണ്ട് നിലവിലുള്ള നിയമമനുസരിച്ച് കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | എങ്കിൽ ഈ വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ